പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1793 — 4.12.2015 ൽ മറുപടിയ്ക്ക്

## അംഗപരിമിത സെൻസസ്

ചോദ്യം — മറുപടി

ശ്രീ.എ.പ്രദീപ് കുമാർ — ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്ത് കേരളാ സാമൂഹ്യ സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ അംഗപരിമിത സെൻസസിനായി ബജറ്റിൽ വകയിരുത്തിയ തുക എത്രയെന്ന വിശദമാക്കാമോ; | (എ)2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപയും 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 ലക്ഷം രൂപയുമാണ് അംഗപരിമിത സെൻസസിനായി വകയിരുത്തി യിട്ടുള്ളത്. |
| (ബി) സെൻസസിന്റെ വിവര ശേഖരണത്തിനായി നിയോഗിച്ചത് ആരെയാണെന്ന് വ്യക്തമാക്കാമോ; | (ബി)സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള അങ്കണവാടി വർക്കർമാരെയും ആരോഗ്യവകുപ്പി ലേയും തദ്ദേശ സ്വയംഭരണ വകുപ്പിലേയും നാഷണൽ ഹെൽത്ത് മിഷനിലേയും ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാർ/ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സമാർ എന്നിവരെയുമാണ് സെൻസസിന്റെ വിവര ശേഖരണത്തിനായി നിയോഗിച്ചത് |
| (സി) സെൻസസ് നടത്തിയവർക്ക് പ്രതിഫലമായി കൊടുത്തതും ഇനി കൊടുത്തു തീർക്കാനുണ്ടെങ്കിൽ ആയത് സംബന്ധിച്ചും ഉള്ള വിവരം ലഭ്യമാക്കുമോ; | (സി) ആര്യനാട്, കൊല്ലയിൽ ഗ്രാമപഞ്ചായത്തുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലും പൈലറ്റ് സെൻസസ് നടത്തിയവർക്ക് പ്രതിഫലമായി 227930/- രൂപ നൽകി കഴിഞ്ഞിട്ടുണ്ട്. സെൻസസിന്റെ ഡേറ്റാ എൻട്രി പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ഡേറ്റാ എൻട്രി പൂർത്തിയായതിനു ശേഷം മാത്രമേ ഓരോ എന്യൂമറേറ്റർക്കും നൽകാനുള്ള തുക കൃത്യമായി കണക്കാക്കി നൽകുവാൻ കഴിയുകയുള്ളൂ. |
| (ഡി) സെൻസസ് നടത്തിയവരുടെ പ്രതിഫലം വ്യക്തമാക്കാമോ? | (ഡി)പ്രാഥമിക സെൻസസ് നടത്തിയ അംഗൻവാടി വർക്കർമാർക്ക് വീടൊന്നിന് 5/- രൂപയും രണ്ടാംഘട്ട സെൻസസ് നടത്തിയ ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് വീടൊന്നിന് 15/- രൂപയും പ്രതിഫലമായി നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ